(ബി) രാജ്യത്തെ നമ്പർ വൺ സ്റ്റാർട്ട് അപ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമിടുന്നത്. ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. റാസ്പ്ബെറി പൈ പ്രോഗ്രാം

2. നേതൃത്വ പരിശീലന പരിപാടി

3. അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി

4. സ്റ്റാർട്ട് അപ് ബൂട്ട്ക്യാമ്പ്

5. ഫാബ് ലാബ്

6. സ്റ്റാർട്ട് അപ് ബോക്സ് ക്യാമ്പയിൻ.

(സി) പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക് ടി.ബി.ഐ.-യുടെ ബോർഡ് ഓഫ് ഗവേർണൻസിൽ മാറ്റം വരുത്തുകയും ബോർഡിന്റെ ചെയർമാനായി മുഖ്യമന്ത്രിയും വൈസ് ചെയർമാനായി വ്യവസായ-ഐ.ടി. വകുപ്പ് മന്ത്രിയെയും നിയമിച്ചു. കൂടാതെ വ്യവസായ-ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ടി.ടി.ബി.ഐ. എക്സിക്യൂട്ടീവ് കമ്മിറ്റി പുനഃക്രമീകരിക്കുകയും ചെയ്തു.

ക്വാറി സമരം

294 (643) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്വാറികൾക്ക് പെർമിറ്റ് നൽകുന്നതിനും പുതുക്കുന്നതിനും പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ക്വാറി സമരംമൂലം ഉടലെടുത്തിരിക്കുന്ന നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പിൻവലിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി 7-2-2015 ജി.ഒ. (പി) നമ്പർ 16/2015/വ്യവ നമ്പരായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൺ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങളിലെ 68-ാം വകുപ്പ് പ്രകാരം അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരം മാത്രം ഖനനം നടത്താവൂ എന്ന പുതിയ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതിയ പെർമിറ്റ് അനുവദിക്കുന്നതിന് പരിസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 9-1-2015-ൽ അംഗീകൃത ഖനന പെർമിറ്റ് ഉണ്ടായിരുന്ന ക്വാറികൾക്ക് മൈനിംഗ് പ്ലാൻ സമർപ്പിക്കാൻ 1-4-2016 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) ക്വാറി-ക്രഷർ ഉടമകളുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്വാറി മേഖലയിലെ സമരം പിൻവലിച്ചിട്ടുണ്ട്.

ക്വാറി - ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി

295 (644) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി നൽകുന്നതിലുള്ള തടസ്സങ്ങൾ കാരണം നിർമ്മാണമേഖല സ്തംഭിക്കുകയും വികസന പ്രവൃത്തികൾ മന്ദഗതിയിലാകുകയും ചെയ്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത സാഹചര്യം ഉറപ്പുവരുത്തി ക്വാറി-ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9-1-2015 വരെ അംഗീകൃത പെർമിറ്റോടെ പ്രവർത്തിച്ചിരുന്ന പാറമടകൾക്ക് പരിസ്ഥിതി അനുമതിയില്ലാതെ പാറഖനനം നടത്തുന്നതിന് താത്കാലിക അനുമതി നൽകിയിട്ടുണ്ട്. ഈ ക്വാറികൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പാക്കും. കൂടാതെ വളരെ വിശദമായ മൈനിംഗ് പ്ലാൻ തയ്യാറാക്കി ഒരു വർഷത്തിനകം സമർപ്പിക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ -2015, റൂൾ 68 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി നൽകുന്ന എല്ലാ ഖനനാനുമതികൾക്കും പാരിസ്ഥിതിക അനുമതിയും മൈനിംഗ് പ്ലാനും നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly